Janayugom 18.10.17

# കാർഷിക സർവകലാശാലയിൽ റിസർച്ച് ബ്ലോക്കിന് അച്യുത മേനോന്റെ പേര് നൽകും

മണ്ണുത്തി: കേരള കാർഷിക സർവകലാശാലയുടെ പുതിയ അക്കാദമിക്ക് റിസർച്ച് ബ്ലോക്കിന് സി അച്യുത മേനോൻ സ്മാരക പഠന, ഗവേഷണ ബ്ലോക്ക് എന്ന് നാമകരണം ചെയ്യാൻ തീരുമാനിച്ചതായി വൈസ് ചാൻസലർ ഡോ.പി രാജേന്ദ്രൻ പറഞ്ഞു. വൈസ് ചാൻസലറെ തെരഞ്ഞെടുക്കാനുള്ള മൂന്നംഗ സമിതിയിലെ സർവകലാശാലാ ജനറൽ കൗൺസിലിന്റെ പ്രതിനിധിയായി സംസ്ഥാന ആസൂത്രണ ബോർഡംഗം ഡോ.രവി രാമനെ നാമനിർദേശം ചെയ്തതായും അറിയിച്ചു.സർവകലാശാലാ നിയമത്തിന്റെ 27 (2) വകുപ്പ് പ്രകാരം ജനറൽ കൗൺസിലിന്റെയും ചാൻസലറുടെയും ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലി (ഐ സി എ ആർ ) ന്റെയും പ്രതിനിധികളടങ്ങുന്ന സമിതിയാണ് വൈസ് ചാൻസലറെ തെരഞ്ഞെടുക്കേണ്ടത്. ഇപ്പോഴത്തെ വൈസ് ചാൻസലറുടെ കാലാവധി ഒക്ടോബർ 31 ന് അവസാനിക്കുന്ന പശ്ചാത്തലത്തിലാണ് ഈ തീരുമാനം.

കുമരകം മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ സർവകലാശാലാ പ്രോ ചാൻസലറായ കൃഷി മന്ത്രി വി എസ് സുനിൽകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേക ജനറൽ കൗൺസിൽ യോഗമാണ് ഈ തീരുമാനമെടുത്തത്. കാർഷികോൽപാദന കമ്മീഷണർ ടിക്കാറാം മീണ, രജിസ്ട്രാർ ഡോ. എസ് ലീനാകുമാരി, തെരഞ്ഞെടുക്കപ്പെട്ട അധ്യാപക, അനധ്യാപക ,വിദ്യാർത്ഥി പ്രതിനിധികൾ ,നാമനിർദേശം ചെയ്യപ്പെട്ട ശാസ്ത്രജ്ഞർ , കർഷക പ്രതിനിധികൾ എന്നിവരടക്കമുള്ള അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.